## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192 — 12/02/2020-ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹനത്തിന് സഹകരണ മേഖലയുടെ സഹായങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽ കർഷകരെ സഹായിക്കുന്നതിനുമായി സഹകരണ മേഖല എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകർഷകരെ സഹായിക്കുന്നതിനുമായി സഹകരണ വകുപ്പ് പദ്ധതിയിനത്തിൽ ചുവടെ പറയുംപ്രകാരം സ്കീമുകൾ നടപ്പിലാക്കി വരുന്നു.<br><br>സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന 3 ശതമാനം സബ് വെൻഷൻ കഴിച്ച് 4 ശതമാനം പലിശ സബ്സിഡിയായി സർക്കാർ നൽകുന്നതുവഴി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകി വരുന്നു.<br>കൂടാതെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നെൽകർഷകർക്കും കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ചുവടെ പറയും പ്രകാരമുള്ള പദ്ധതി ധനസഹായവും സർക്കാർ നൽകിവരുന്നു.<br><br>• സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് |

| | | | |
|---|---|---|---|
| | | | സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിയ്ക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നതിന് പദ്ധതിയുണ്ട്.<br>• കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകുന്നതിന് പദ്ധതിയുണ്ട്.<br>• സഹകരണ സംഘത്തിന് കൊയ്ത്ത്മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.<br>• നെൽകൃഷിയ്ക്കായി കർഷകനു നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ച് നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.<br>• നെൽകൃഷിയ്ക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം ഗ്രൂപ്പ് ഒന്നിന് 1000 രൂപയും ഓഹരി മൂലധനവും നൽകിവരുന്നുണ്ട്.<br><br>കാർഷിക വായ്പാസംഘങ്ങളുടെ ഉപനിബന്ധന പ്രകാരമുള്ള അപേക്ഷകൾ അംഗങ്ങളിൽ നിന്നും ലഭ്യമാക്കി ആയതിൻമേലാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത്. കൂടാതെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സമർപ്പിക്കുന്ന അനുയോജ്യമായ പ്രൊപ്പോസലുകൾ/ |

| | | | |
|---|---|---|---|
| | | | പ്രോജക്ടുകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ബഡ്ജറ്റ് തുകയ്ക്ക് വിധേയമായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നത്.<br><br>കൂടാതെ പാലക്കാട് ജില്ലയിലെ നെൽക്കർഷകരെ സഹായിക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി "പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസസ്സിംഗ് &മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.പി.1449 (PAPCOS)" എന്ന പേരിൽ സഹകരണ സംഘം രൂപീകരിക്കുകയും, സംഘത്തിന്റെ കീഴിൽ നെല്ല് സംഭരണം, സംസ്കരണം എന്നിവയ്ക്കായി ആധുനിക രീതിയിലുള്ള റൈസ്മിൽ, സൈലോകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ചെയ്തുവരികയുമാണ്. ടി മില്ലിന്റെ നിർമ്മാണത്തിനായി പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര 1 വില്ലേജിൽ 27.66 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്.<br><br>ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തി ആയതിൽ നെല്ലുൾപ്പെടെ കൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.<br><br>പാലക്കാട് ജില്ലയിലെ നെൽ കർഷകർക്ക് നെല്ല് സംഭരിച്ച വകയിൽ സപ്ലൈക്കോയ്ക്ക് വേണ്ടി കേരള സംസ്ഥാന സഹകരണ ബാങ്ക് പാലക്കാട് മുഖാന്തിരം 764.69 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. കൂടാതെ നെൽക്കർഷകർക്ക് പലിശ രഹിത വായ്പ, കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ, സബ്സിഡി നിരക്കിൽ രാസവളം, |

| | | | |
|---|---|---|---|
| | | | കീടനാശിനി, കർഷക സേവന കേന്ദ്രങ്ങൾ മുഖേന കാർഷിക ഉപകരണങ്ങൾ, ട്രാക്ടർ മറ്റ് ഉപകരണങ്ങൾ എന്നിവ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുക എന്നീ സേവനങ്ങൾ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നുണ്ടോ; ഈ സ്ഥാപനങ്ങൾ നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നുണ്ടോ; | (ബി) | സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നുണ്ട്. ടി പദ്ധതിപ്രകാരം നൽകുന്ന വായ്പകൾ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീക രിക്കുന്ന നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ; | (സി) | സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ കർഷകരെ നെൽകൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്ന തിനും നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനും, നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുമാണ് നെൽ കർഷകർക്ക് പലിശരഹിത വായ്പ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് വായ്പകൾ നൽകുന്നത്. കൂടാതെ കൃഷിക്കാവശ്യമായ വളം, കീടനാശിനി എന്നിവയും നൽകി വരുന്നു. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിലുള്ള തരിശു നിലങ്ങൾ വാടകക്കെടുത്തും, പാടങ്ങൾ പാട്ടത്തിനെടുത്തും കൃഷിവകുപ്പുമായി സഹകരിച്ച് നെൽകൃഷി നടത്തുന്നുണ്ട്. അതോടൊപ്പം കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുകയും ചെയ്യുന്നു. കാർഷിക മേഖലയിലെ വിദഗ്ധരും പരിചയ സമ്പന്നരായ വ്യക്തികളേയും ഉൾപ്പെടുത്തിക്കൊണ്ട് പാടശേഖര കമ്മിറ്റികളിൽ ഉൾപ്പെട്ട കർഷകർക്ക് കൃഷി സംബന്ധമായ സെമിനാറുകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | കാർഷിക സ്വർണ്ണപ്പണയ വായ്പകൾ ദേശസാത്കൃത ബാങ്കുകൾ വിതരണം ചെയ്യുന്നതുപോലെ സഹകരണ ബാങ്കുകൾക്ക് വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | നബാർഡ് മുഖേന ലഭിക്കുന്ന റീ ഫിനാൻസ് വായ്പയാണ് കാർഷിക വായ്പയായി നൽകുന്നത്. ഇത് വായ്പാതുകയുടെ 40% മാത്രമാണ്. ബാക്കി 60% സഹകരണ ബാങ്കുകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാലും സംസ്ഥാനത്ത് മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കുറഞ്ഞനിരക്കിൽ സ്വർണ്ണപണയ കാർഷിക വായ്പ നൽകുന്നുണ്ട്. കാർഷിക വായ്പകൾ കൃഷി ആവശ്യത്തിനു മാത്രമായി ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളുടെ അളവിൽ സ്വർണപ്പണയ കാർഷിക വായ്പ നൽകാൻ സഹകരണ ബാങ്കുകൾക്ക് കഴിയുന്നില്ല. **Loan to Value Ratio (LTV) 75%** ത്തിൽ അധികരിക്കാൻ പാടില്ല എന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷന് ഓഫീസർ